**782**

അബ്രഹാമിൻ ദൈവമേ തുണ
യാക്കോബിൻ ദൈവമേ ബലം (2)

1 വൻ ദു:ഖവേളയിലും എൻഭാരമേറിടുമ്പോഴും (2)
വിശ്വാസത്തോണിയിൽ ആശ്വാസദായകനായ്
നീ മതി എന്നാളുമേ (2) നീ മതി എന്നാളുമേ-

2 മാറ മധുരമാക്കിയോൻ മാറ്റിടുന്നെൻ വേദനകൾ (2)
എൻ ശക്തിയാം ദൈവം എൻ ഭാഗ്യം എൻ മോദം
എൻ ശരണം നീ എന്നുമേ (2) എൻ ശരണം നീ എന്നുമേ-

3 കൂരിരുളിൻ താഴ്‌വരയിലും വല്ലഭൻ നീയെന്നാശ്രയം (2)
എൻ പാറയാം യാഹിൽ വാഗ്ദത്ത നായകനിൽ
ആനന്ദ സമ്മേളനം (2) ആനന്ദ സമ്മേളനം-

4 ജീവിത സാഗരത്തിലും ജീവനറ്റു കേണിടുമ്പോഴും (2)
നീ വായെന്നേശുവേ വൈകാതെ എന്നരികിൽ
എൻ സങ്കടം തീർത്തിടാൻ (2) എൻ സങ്കടം തീർത്തിടാൻ-

**L.K.W.**